# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1955 — 17/06/2013-ൽ മറുപടിക്ക്

### പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | പട്ടിക വർഗ്ഗ വികസന വകുപ്പിന് മുഴുവൻ സമയ ഡയറക്ടർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ഈ വകുപ്പിന്റെ ചുമതല കൂടാതെ മറ്റ് രണ്ട് വകുപ്പുകളുടെ ചുമതല (പട്ടികജാതി വികസന വകുപ്പ്, ടൂറിസം വകുപ്പ്) കൂടിയുണ്ട്. |
| ബി | അട്ടപ്പാടി മേഖലയിൽ ആദിവാസി സമൂഹം നേരിടുന്ന ദുരന്ത സാഹചര്യം മറികടക്കുന്നതിന് വകുപ്പിന് ഒരു മുഴുവൻ സമയ ഡയറക്ടറുടെ സേവനം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | ബി | ദുരന്ത സാഹചര്യം മറികടക്കുന്നതിന് ഇപ്പോഴത്തെ ഡയറക്ടറുടെ സേവനം പൂർണ്ണമായി ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും ഡയറക്ടറുടെ അധിക ചുമതലകൾ ലഘൂകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്. |
| സി | നിലവിൽ ചുമതലയുള്ള ഡയറക്ടർക്ക് എത്ര വകുപ്പിന്റെ ചുമതലയാണുള്ളത്; ഇക്കാരണത്താലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി | നിലവിൽ ചുമതലയുള്ള ഡയറക്ടർക്ക് 3 വകുപ്പുകളുടെ ചുമതലയാണുള്ളത്. |

സെക്ഷൻ ഓഫീസർ